(ഡി) നിയമവിധേയമായി മുൻകൂർ അനുമതിയില്ലാതെ പരസ്യചിത്രങ്ങൾ നിർമ്മിച്ചശേഷം വൗച്ചർ വാങ്ങി തുക നൽകുന്ന രീതി പൂർണ്ണമായും ഉപേക്ഷിക്കുമോ?

*ഉത്തരം*

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രീ. സന്തോഷ് ശിവനെക്കൊണ്ട് ലൈഫ് ഇൻ എ ന്യൂ ലൈറ്റ് എന്ന ഒരു പരസ്യചിത്രം ചെയ്തിട്ടുണ്ട്. ആയതിന് 87.50 ലക്ഷം രൂപ ചിലവായിട്ടുണ്ട് (നികുതി പുറമെ).

(ബി) ഇല്ല.

(സി) അങ്ങനെ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിയമവിധേയമായി മാത്രമേ പരസ്യചിത്രങ്ങൾ നിർമ്മിക്കാറുള്ളൂ.

**ചാർട്ടർ വിമാനങ്ങളുടെ എണ്ണം**

251 [1202] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞവർഷം എത്തിയ ചാർട്ടർ വിമാനങ്ങളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ചാർട്ടർ വിമാനങ്ങളിലൂടെ കേരളത്തിൽ സന്ദർശനം നടത്തിയ വിനോദസഞ്ചാരികളുടെ എണ്ണം എത്ര;

(സി) ഇതുവഴി സംസ്ഥാനത്തിന് ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) 2005-2006 വർഷത്തിൽ എത്ര ചാർട്ടർ വിമാനങ്ങൾ കേരളത്തിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) 41.

(ബി) 5498.

(സി) ചാർട്ടർ വിമാനത്തിൽ എത്തിയവരുടെ മാത്രമായിട്ടുള്ള വരുമാനത്തിന്റെ കണക്കുകൾ ലഭ്യമല്ല.

(ഡി) കഴിഞ്ഞ വർഷത്തെക്കാൾ കൂടുതൽ ചാർട്ടർ വിമാനങ്ങൾ എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly